ആദിവാസി ജനത നേരിടുന്ന വിദ്യാഭ്യാസ-ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി

345 (685) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ജനത നേരിടുന്ന വിദ്യാഭ്യാസ-ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ആദിവാസികൾക്ക് ഭൂമിയും വീടും മറ്റ് അടിസ്ഥാനസൗകര്യങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനു പ്രത്യേക പദ്ധതി നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ആദിവാസികളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രീമെട്രിക്തലത്തിലും പോസ്റ്റ്മെട്രിക്തലത്തിലും പൂർണ്ണമായി സൗജന്യ വിദ്യാഭ്യാസം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പ് നേരിട്ട് നൽകി വരുന്നുണ്ട്. കൂടാതെ നഴ്സിംഗ് കുട്ടികൾക്കും, അവരെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്നതിന് രക്ഷകർത്താക്കൾക്കും പ്രത്യേക പ്രോൽസാഹനവും നൽകി വരുന്നു. വകുപ്പിന്റെ നിയന്ത്രണത്തിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും ഒരു സി.ബി.എസ്.ഇ. സ്കൂളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 107 പ്രീ-മെട്രിക് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു ഇവിടെ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് താമസം, ഭക്ഷണം, പഠന ചെലവുകൾ തുടങ്ങിയ എല്ലാം സൗജന്യമായി ലഭ്യമാക്കി പട്ടികവർഗ്ഗ മേഖലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ നേരിടുന്ന വിദ്യാഭ്യാസ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച്, സമഗ്രആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിവരുന്നു. സർക്കാർ ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകളും ടെസ്റ്റുകളും പുറമേനിന്നും നടത്തുന്നതിനുള്ള ചെലവ് സഹിതം ചികിത്സ പരിപൂർണ്ണമായി സൗജന്യമാണ്. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാരകരോഗങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാർക്ക് ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും രോഗത്തിന്റെ തീവ്രത അനുസരിച്ച് അർഹമായ ധനസഹായം അനുവദിച്ച് നൽകിവരുന്നു. അരിവാൾ രോഗികൾക്ക് മാസം തോറും 1000-രൂപ നിരക്കിൽ സമാശ്വാസ ധനസഹായവും നൽകിവരുന്നു. കൂടാതെ 17 ജി.എ.ഡി.കളും ഒരു ആയുർവ്വേദ ആശുപത്രിയും 5 ഒ.പി. ക്ലിനിക്കുകളും 2 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പി.വി.റ്റി.ജി. മേഖലയിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. മേൽപ്പറഞ്ഞവയിൽ ചികിത്സതേടുന്ന പട്ടികവർഗ്ഗക്കാർക്ക് ചികിത്സ മുഴുവനും പരിപൂർണ്ണമായും സൗജന്യമാണ്.

(ബി) സ്വന്തമായി ഭൂമിയുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 'സമ്പൂർണ്ണ ഭവന പദ്ധതി' എന്ന സ്കീമിൽ വീടുകൾ നിർമ്മിച്ചുനൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി സ്വന്തം താല്പര്യപ്രകാരം കണ്ടെത്തി വാങ്ങുന്നതിന് 10 ലക്ഷം രൂപ വരെ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്നുണ്ട്.

(സി) കോർപ്പസ് ഫണ്ട്/പൂൾഡ് ഫണ്ട്/ഭവന നിർമ്മാണം/ഭക്ഷ്യ സഹായ പദ്ധതി/കൈതാങ്ങ്/ജനനി ജന്മരക്ഷ/ഹാംലറ്റ് വികസന പദ്ധതി/13-ാം ധനകാര്യ കമ്മീഷൻ അവാർഡ്/പെൺകുട്ടികളുടെ വിവാഹ ധനസഹായം/പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/ഊരുകൂട്ടങ്ങൾ/ഇടമലക്കുടി പാക്കേജ്/ വീടുകളുടെ അറ്റകുറ്റപ്പണി/ തൊഴിൽ പരിശീലനം/ഐ.ഇ.സി/.ഗോത്ര സാരഥി, അതിക്രമം തടയൽ നിയമം നടപ്പാക്കൽ, വനത്തിനുള്ളിൽ താമസിക്കുന്നവരുടെ വികസനം തുടങ്ങിയ വിവിധ പദ്ധതികൾ ആദിവാസികളുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്നു.

അട്ടപ്പാടി സ്പെഷ്യൽ ഓഫീസർ

346 (686) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ഗവൺമെന്റ് പദ്ധതികളുടെ ഏകോപനത്തിനായി നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ ചുമതലകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഒരു സ്ഥിരം സംവിധാനമാണോ ; അല്ലെങ്കിൽ അപ്രകാരമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ മേഖയിലെ ആദിവാസികളുടെ ക്ഷേമത്തിനായി തൊഴിലുറപ്പു പദ്ധതികളുടെ മാതൃകയിൽ പ്രത്യേകപദ്ധതി തയ്യാറാക്കുന്നകാര്യം പരിഗണിക്കുമോ ?